NO TO DRUGS

**പൊതുവിദ്യാഭ്യാസ അഡീഷണല് ഡയറക്ടറുടെ(ജനറൽ) നടപടി ഉത്തരവ്**

**(സാന്നിധ്യം.ആർ.എസ് ഷിബു)**

വിഷയം:- പൊതുവിദ്യാഭ്യാസം - കേരള എയിഡഡ് സ്കൂളിലെ അധ്യാപക സംഘടനകളുടെ വാര്ഷിക സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.സർക്കാരിന്റെ 14.02.2008 സ.ഉ (സാ.ധാ) നം.841/2008/പൊ.വി.വ നമ്പർ കത്ത്.

2.കെ.പി.എസ്.ടി.എയുടെ ജനറൽ സെക്രട്ടറി 22.01.2025 ൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നമ്പർ എച്ച്3/1359/2025/ഡി.ജി.ഇ തീയതി : 25-01-2025**

സംസ്ഥാനത്തെ അധ്യാപക സംഘടനകൾക്ക് അവരുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്നതിനു പരമാവധി രണ്ട് ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് നൽകുന്നതിനു സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(2) പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷ പരിഗണിച്ച് കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് (KPSTA) -ന്റെ 2025 ജനുവരി 29,30,31 തീയതികളിൽ നടക്കുന്ന വാർഷിക സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പരമാവധി രണ്ട് ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സമ്മേളനം നടക്കുന്ന തീയതികൾ ഉൾപ്പെടുന്ന രണ്ട് ദിവസം മാത്രമെ ഡ്യൂട്ടി ലീവ് അനുവദിക്കാൻ പാടുള്ളൂ. മേൽ സൂചിപ്പിച്ച തീയതികളിൽ സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്നവർക്ക് സംഘടനയുടെ ജനറൽ സെക്രട്ടറി/പ്രസിഡന്റ് നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ട് ദിവസം ഡ്യൂട്ടി ലീവ് അതാത് നിയന്ത്രണാധികാരി അനുവദിക്കേണ്ടതാണ്.

തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം ഉത്തരവിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സംഘടനയ്ക്ക് അംഗീകാരം നൽകിയ ഉത്തരവിന്റെ പകർപ്പ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ജനറൽ സെക്രട്ടറി /പ്രസിഡന്റ് എന്നിവരെ പുതുതായി തെരഞ്ഞെടുക്കുന്ന പക്ഷം അവരുടെ പേര് , മേൽവിലാസം (ഇ-മെയിൽ, ഫോൺ നമ്പർ ഉൾപ്പടെ) ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

Signed by
R S Shibu
Date: 25-01-2025 19:14:35

പൊതുവിദ്യാഭ്യാസ അഡീഷൽണഡയറക്ടർ(ജനറൽ)

സ്വീകർത്താവ് :

1.ജനറൽ സെക്രട്ടറി

കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

സെൻട്രൽ കമ്മിറ്റി ഓഫീസ് : കെ.പി.എസ്.ടി.എ ഭവൻ

ചിന്മയ സ്കൂൾ ലെയിൻ , കുന്നുപ്പുരം, തിരുവനന്തപുരം

2.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും

3.എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും (വിദ്യാഭ്യാസ ഉപഡയറക്ടർമുഖേന)

4.എല്ലാ സ്കൂൾ പ്രധാനാധ്യാപകരും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന